(സി) ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതു മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത, ഗ്രാമപഞ്ചായത്തുകൾ എപ്രകാരം എല്ലാം കണ്ടെത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1050 ചെറുകിട ജലവിതരണ പദ്ധതികൾ.

(സി) ഇല്ല.

പൊറ്റശ്ശേരി 1, 2 വില്ലേജുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി

36 [1014] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ഡാം പൊതു സ്രോതസ്സാക്കി 1998-ൽ ഭരണാനുമതി ലഭിക്കുകയും 2003-ൽ പൂർത്തിയാക്കുകയും ചെയ്യേണ്ട പൊറ്റശ്ശേരി 1, 2 വില്ലേജുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന് എത്ര ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികമോ, ഭരണപരമോ ആയ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊറ്റശ്ശേരി 1, 2 വില്ലേജുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഇൻടേക്ക് സ്ട്രക്ചറിനും ശുദ്ധീകരണശാലക്കും വേണ്ട സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം പൂർത്തിയാകാത്തതിനാൽ ശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 5.62 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെ പണി പൂർത്തീകരിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൈപ്പ് ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കാൻ കഴിയുന്നതാണ്. വിതരണ ശൃംഖലയുടെ 4,000 മീറ്റർ പൈപ്പ് സ്ഥാപിച്ചു. ബാക്കി 4,855 മീറ്റർ പൈപ്പ് ഇടാനുള്ള ജോലിക്ക് കരാർ വിളിച്ചിട്ടുണ്ട്

(ബി) 228 ലക്ഷം രൂപ.

(സി) പദ്ധതിയുടെ ശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും പണിയാനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും സ്കീമിനാവശ്യമായ 7 എം.എൽ.ഡി. ജലം കാഞ്ഞിരപ്പുഴ ഡാമിൽ നിന്ന് എടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയാകേണ്ടതുണ്ട്.

(ഡി) 30-6-2006-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly